17

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2216 — 10.10.2011- ലെ മറുപടി

നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ

ചോദ്യം — ഉത്തരം

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളിൽ നിലവിൽ നഷ്ടത്തിൽ ഓടുന്ന ഷെഡ്യൂളുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ ഡിപ്പോകളിൽ നിലവിൽ നഷ്ടത്തിൽ ഓടുന്ന ഷെഡ്യൂളുകളുടെ വിവരം ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ആഗസ്റ്റ് മാസത്തെ വരവ് - ചിലവ് കണക്കനുസരിച്ച് ഒരു കി.മീറ്ററിന് 35.79 രൂപ വരുമാനം ലഭിച്ചാൽ മാത്രമേ ലാഭനഷ്ടമില്ലാതെ സർവ്വീസ് നടത്താൻ കഴിയൂ. ഇപ്രകാരം കണക്കാക്കിയാൽ ഏകദേശം എല്ലാ സർവ്വീസ്സുകളും നഷ്ടത്തിലാണെന്ന് മനസ്സിലാക്കാം. എന്നാൽ ബസ്സുകൾ വാങ്ങുന്നതിന് കടം എടുത്ത തുകയ്ക്കുള്ള പലിശ തിരിച്ചടവും, വാഹനങ്ങളുടെ ചിലവിനത്തിൽ ഉണ്ടായ depreciation-നും ഒഴിവാക്കി കണക്കാക്കിയാൽ ഒരു കി.മീറ്ററിന് 32.60 രൂപ വരുമാനം ലഭിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ കണക്കാക്കിയാൽ കൊല്ലം ജില്ലയിലെ 514 സർവ്വീസുകൾ നഷ്ടത്തിലാണ്. എന്നാൽ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും മാത്രം ഒഴിവാക്കിയാൽ ഒരു കി.മീറ്ററിന് 28.06 രൂപ വരുമാനം |

| | | | |
|---|---|---|---|
| | | | ലഭിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയാൽ കൊല്ലം ജില്ലയിലെ 462 സർവ്വീസുകൾ നഷ്ടത്തിലാണെന്ന് മനസ്സിലാക്കാം. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ അതത് ഡിപ്പോകളിൽ നിലനിർത്തി റീ - ഷെഡ്യൂൾ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ അതത് ഡിപ്പോകളിൽ നിലനിർത്തി യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിലും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും പുനഃക്രമീരിച്ച് വരികയാണ്. ആകെ 540 ഷെഡ്യൂളുകൾ ഈ രീതിയിൽ ഇതുവരെ പുനഃക്രമീകരിച്ച് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.